# TECHPULSE




SANTHA H S S AVANOOR

22079




LITTLE KITES @ SANTHA H S S AVANOOR

TECHGYAN

# ആമുഖം

ലോകമെങ്ങും ആഗോളവൽക്കരണത്തെയും യുദ്ധങ്ങളുടെയും രോദനങ്ങൾ ആണ് ഇന്ന് ഉയർന്നുകേൾക്കുന്നത് ബന്ധങ്ങൾ ബന്ധങ്ങളായി മനുഷ്യർ നിർവികാരരായി. യാന്ത്രികമായി തന്നിലേക്കുതന്നെ ഒതുങ്ങി കൂടുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്രസാങ്കേതിക നേട്ടത്തിലൂടെ വിസ്മയങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തമായ പുതു തലമുറ വളർന്നുവരുന്നു എന്നത് ആശ്വാസകരമാണ്.

വൈവിധ്യമുള്ള രചനകളും പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് രൂപപ്പെടുത്തിയ ഈ മാഗസിൻ വിപുലവും വിശാലവുമായ വിജ്ഞാനസരണികൾ നിങ്ങൾക്കുമുമ്പിൽ തുറന്നിടുന്നു.

TECHGYAN



**<u>ശ്രീ. എ. പി. ഉണ്ണി. എഴുത്തച്ഛൻ</u>**

(സ്ഥാപക മാനേജർ-ശാന്ത ഹയർസെക്കൻഡറി സ്കൂൾ)

ശാന്തഹയർസെക്കൻഡറി സ്കൂളിലെ സ്റ്റാഫിനും വിദ്യാർഥികൾക്കും സമൂഹത്തിനും കർമ്മ പഥങ്ങളിൽ വഴികാട്ടിയായിരുന്ന 16-2-1997 ൽ നമ്മെ വിട്ടുപിരിഞ്ഞ യശ:ശരീരനായ മുൻ മാനേജർ ശ്രീ.എ പി ഉണ്ണി എഴുത്തച്ഛൻ അവർകളുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്)

TECHGYAN



ഡോ. എ. ശാന്തകുമാരി
മാനേജർ





ശ്രീമതി. എം കെ ഷൈനി
പ്രിൻസിപ്പാൾ

ശ്രീമതി.സി.ബി. മിനി
ഹെഡ്മിസ്ട്രസ്


50–ന്റെ നിറവിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരജ്ഞാനത്തിന്റെ പ്രഭചൊരിഞ്ഞ ശാന്ത.എച്ച്.എസ്.എസിന്റെ ആദ്യ സംരംഭമായ 'ഇ– മാഗസിന്' എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# INDEX



| | | |
|---|---|---|
| 1 | തേൻവരിക്ക | 8 |
| 2 | സുഗതകുമാരി | 8 |
| 3 | തെയ്യം | 9 |
| 4 | മഴക്കാർ | 10 |
| 5 | മഴക്കാർ | 11 |
| 6 | കുറവുകൾ മറച്ചുവെക്കേണ്ട | 12 |
| 7 | പാൽ കുടിക്കാത്ത പൂച്ച | 12 |
| 8 | അപ്പുണ്ണിയുടെ ജീവിതം, എന്റെയും | 13 |
| 9 | അഹങ്കാരത്തിനു മരുന്നില്ല | 14 |
| 10 | ആർദ്രം | 15 |
| 11 | സ്നേഹസ്പർശം | 16 |
| 12 | സൂര്യൻ | 17 |
| 13 | നാടൻ  പാട്ട് | 18 |
| 14 | കുറവുകൾ മറച്ചുവയ്ക്കേണ്ട | 18 |
| 15 | പുരോഗമി | 19 |
| 16 | ഉറക്കം | 20 |
| 17 | വാതി വരമ്പചിത്രം | 21 |
| 18 | കണ്ണുകൾ | 23 |
| 19 | എന്റെ കേരളം | 24 |

TECHGYAN



ചാൾസ് ബാബേജ്
(Father of Computer)

TECHGYAN

# LIFE IS BEAUTIFUL




*Life is Hard*
*Live IT*
*Life is A Game*
*Play IT*
*Life is A challenge*
*Overcome IT*
*Life is A Puzzle*
*Solve IT*
*Life is A Sorrow*
*Live IT*
*Life is a song*
*Sing IT*
*Life is a Journey*
*Travel in IT*
*Life is A Bell*
*Hear IT*
*Life is a dream*
*Enjoy IT*
***LIFE IS BEAUTIFUL***

# തേൻവരിക്ക

പ്ലാവിലകൾ കൊഴിഞ്ഞുവീഴുന്നത് കരച്ചിലോടെയല്ലേ
മുറ്റത്തുനിന്ന അയ്യപ്പൻ പ്ലവിനെ സൂക്ഷിച്ച
നോക്കി. വീടിനും പരിസരത്തിനും തണലും കാറ്റും നൽകി
രക്ഷകനായിപ്പടർന്ന നിൽക്കുന്ന തേൻവരിക്ക.
വളവും പുളവുമില്ലാതെ നല്ല വണ്ണവും ഉയരവുമുള്ള തടയിൽ ചാരിവച്ച
മുളയേണി. ചെറിയ കൊമ്പുകളിലൊക്കെ ഒട്ടവിലുണ്ടായ ചക്കകൾ,അതൊക്കെ
ഇനയും വിളഞ്ഞട്ടില്ല.
മകൻ സുരേന്ദ്രനോടൊപ്പം രണ്ടുപേർ,തടിയുടെ
വണ്ണമളക്കുന്നു. അതെന്തിനെന്നോർക്കുമ്പോൾ വെള്ളം
നിറച്ച കുടവും ചുമന്ന് സുരേന്ദ്രന്റെ ഭാര്യ ലീല വന്നു.
ഒന്നു തിരിഞ്ഞു നോക്കിയിട്ട്, അവൾ പറഞ്ഞു. തടിക്കച്ചോടക്കാരാ അച്ഛാ
കൂടെയൊള്ളത്
ങ്ഹേ അയ്യപ്പൻ നടുങ്ങിപ്പോയി. ലീലയെ -
തുറിച്ചൊന്നു നോക്കി.
വിൽക്കണ്ടെന്നു പറഞ്ഞില്ലേ?
ഓ ഞാൻ പറഞ്ഞാലുണ്ടോ കേൾക്കുന്നു
ഒും ഷാപ്പിലെ പറ്റുതീർക്കാനായിരാക്കും
സൂരേന്ദ്രന്റെ മക്കൾ രണ്ടുപേരും മുറ്റത്തിറങ്ങി.അവർ
പറഞ്ഞു. തേൻവരിക്ക വിക്കണ്ട മുത്തച്ഛാ.
വിക്കണ്ടെന്ന് മക്കള് അച്ഛനോട് പറ.
മനസ്സിലൊരു നീറ്റലോടെ അയ്യപ്പൻ പിന്നെയും
പ്ലാവിലേക്കു നോക്കി.

## സുഗതകുമാരി

1934 ജനുവരിയിലാണ് സുഗതകുമാരി ജനിച്ചത്. തിരുവനന്തപുരമാണ് ജന്മസ്ഥലം. മലയാളത്തിലെ പ്രശസ്തയായ കവിയത്രി യാണ് സുഗതകുമാരി. പ്രശസ്ത കവി ബോധേശ്വരൻ ആണ് പിതാവ്. ജീവിത മൂല്യങ്ങളിലും ഭാരതീയ പാരമ്പര്യത്തിലുള്ള വിശ്വാസം അഗാധമായ ആസ്തിക ബോധം ഗാന്ധി യുഗത്തിന് സവിശേഷമായ ജീവിത സമീപനം എന്നിവ സമ്മേളിക്കുന്ന അവയാണ് സുഗതകുമാരിയുടെ കവിത. അവർ ഒരു പ്രകൃതി സ്നേഹി കൂടി ആയിരുന്നു. പ്രകൃതി സംരക്ഷണം രംഗത്തും സാമൂഹ പരിഷ്കരണ രംഗത്തും സുത്യർഹമായ സംഭാവനകൾ അവർ നൽകിയിട്ടുണ്ട്. പാതിരാപ്പൂക്കൾ എന്ന കൃതിക്ക് കേരളസാഹിത്യ അക്കാദമി അവാർഡ്, രാത്രി മഴയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡും സാഹിത്യ പ്രവർത്തക അവാർഡ് അമ്പലമണികൾ ഓടക്കുഴൽ അവാർഡ് ആശാൻ പ്രൈസ് വയലാർ അവാർഡ് ലഭിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ സേവനത്തിനുള്ള ലക്ഷ്മി അവാർഡ് പ്രകൃതി സംരക്ഷണയജ്ഞം നടത്തിയതിനുള്ള ഇന്ത്യ ഗവൺമെൻറിൻറെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ് ലഭിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ: പാതിരാപ്പൂക്കൾ, രാത്രിമഴ, അമ്പലമണി, കാവ് തീണ്ടല്ലേ, കുറിഞ്ഞിപ്പൂക്കൾ,, രാധയെവിടെ, മുത്തുച്ചിപ്പി സ്വപ്നഭൂമി എങ്ങനെയാണ്.

## തെയ്യം

കണ്ണൂർ കാസർഗോഡ് ജില്ലകളിൽ പ്രചാരത്തിലുള്ള അനുഷ്ഠാന കലയാണ് തെയ്യം. ദേവി ദേവന്മാർ യക്ഷ ഗന്ധർവന്മാർ നാഗങ്ങൾ ഭൂതങ്ങൾ മരിച്ചുപോയ കാരണവന്മാർ വീര പരാക്രമി കൾ എന്നിവരെ കോലമായി കെട്ടിയാടി ആരാധിക്കുന്ന രീതിയാണ് ഇത്. തെയ്യത്തിന്റെ കോലക്കാരനും കർമ്മിയും മറ്റും വ്രതശുദ്ധിയോടെ യാണ് ചടങ്ങുകൾ അനുഷ്ഠിക്കുക. അനുഷ്ഠാനത്തിൽ പ്രത്യേക ഘട്ടത്തിൽ ദേവതാ ശക്തി കോലക്കാരൻ ഇൽ പ്രവേശിക്കുന്നതായി വിശ്വസിക്കപ്പെടുന്നു. അനുഷ്ഠാനം തീരുന്നതോടെ ദേവത അതിൻറെ അധിവാസ സ്ഥാനത്തേക്ക് തിരിച്ചുപോവുകയും ചെയ്യുന്നു. ഇതിനിടയ്ക്ക് ഈ ദൈവങ്ങൾ ഭക്തരുടെ ദുരിതങ്ങൾക്കും മറ്റു പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നു. കാവ്, മുണ്ടയ, സ്ഥാനം പള്ളിയറ കോട്ടം തുടങ്ങിയവയാണ് തെയ്യം കെട്ടിയാടുന്ന കേന്ദ്രങ്ങൾ ഇഷ്ടക്കാരി സിദ്ദിക്കും മറ്റ് ആവശ്യങ്ങൾക്കും വീടുകളിലും കാവുകളിലും നേർച്ചയായി തെയ്യം

കെട്ടിയാടാറുണ്ട്. കാവുകളിലും സ്ഥാനങ്ങളിലും ആണ്ടുതോറും നിശ്ചിത സമയത്ത് തെയ്യം കെട്ടിയാടുന്ന തിനെ കളിയാട്ടം എന്നും വളരെ കാലം കൂടുമ്പോൾ ഒരിക്കൽ നിശ്ചയിച്ച നടത്തുന്നതിന് പെരുങ്കളിയാട്ടം എന്നും പറയുന്നു. വൈവിധ്യമാർന്ന മുഖത്തെഴുത്തും ഉടയാടകളും തെയ്യത്തിന് സവിശേഷതയാണ്.



## മഴക്കാർ

സ്നേഹത്തിന്റ നിലാവെളിപ്പത്ത് അന്ധകാരത്തിന്റെനിഴൽ
വീഴാതിരികുവാൻ ലോകത്തെ പരിശ്രമിപ്പികുന്നുണ്ടെങ്കിലും
തന്റെ ജീവീതം പൊട്ടിയ വളകളാണെന്ന് മനസിലാക്കാൻ
ആ വളപ്പാട്ടിനു കഴിഞ്ഞിരുന്നു. കാലത്തിന്റെ പരിണൊമം.
നിലാവെളിച മാകുബോൾ തന്റെ ജീവിതം മരുഭ്രമിയിലെ
അസ്ത്മയമാണെന്ന് ആ രൂപം മനസിലാക്കിരുന്നു.
ചുരുണ്ട് ഒന്നു-രണ്ടു പിച്ചകപ്പൂ തിരുകി അലങ്കാരമി വിതറുന്ന.
ആ മുടി ചപ്പുചവറിനെയാണ് ഞാനിന്ന് ഉപമിക്കുന്നു
കാലമറ്റം ഇന്ന് ആ മൂടിയെ അലങ്കരിചോ
എന്ന് എനിക്ക്റിയില്ല.
എന്നാൽ കാലങ്ങൾക്കു മുന്നേ ആ മുടി മനോഹരണെന്ന് കേട്ടറിവുണ്ട്.
മുഖം താമരപ്പുപോലെ മനോഹരമായിരുന്ന കാല പരിമണാമംമുഖത്തോയു
ബാധിചിട്ടുണ്ട്.
ദു:ഖത്തിന്റെ നിഴൽ ആ കണ്ണുകൾ ആരോയോ തിരഞ്ഞിരുന്നു.

ആയിരം പേർക്ക് അന്നും അന്നം വിളമ്പിയ ആ
കരങ്ങൾ ഇന്ന് അവൾ ഒരാൾക്ക്, തന്റെ പ്രിയപെട്ടവന് വേണ്ടി
വിളമ്പാൻ കൊതിക്കുന്നു.വെളച്ചംഅവഹേളിച്ചവനെ നാടു വെറുക്കും നാട്ടുകാർ
വെറുക്കും.പക്ഷേ ആ മാതൃ ഹൃദയം വെറുത്തില്ല. മകനേയും കൊണ്ട് നാടുവിട്ടു

പോയ തന്റെ പ്രിയപ്പെട്ടവനെ ഇന്നും അവൾ നിറമനസ്സോടെ കാത്തിരിക്കുന്നു. തറവാട്ടു മുറ്റത്ത് ഒരിക്കലെങ്കിലും കയറാൻ ആ മനസ്സ് വല്ലാതെ കൊതിക്കുന്നു .ആ നിമിഷം മനസ്സിന്റെ പുതപ്പ് താനെ ഒഴിയുകയും അതിലെ ഖരം താനെ ദ്രവീകരിച്ച് ദ്രാവകമാക്കുകയും അത് ആ മനോഹരനയനങ്ങളെ ഈറനണിയിക്കുകയുംചെയുന്നു.മനസ്സിന്റെ ഖരം മാറുമ്പോൾ കണ്ണിലെ ദ്രാവകം വറ്റുകയും ചെയ്യുന്നു.കഴിഞ്ഞ കാല ഓർമകൾ വീണ്ടും അവളെ അലട്ടി.മനസ്സിന് കനം ആരോടെങ്കിലും പറയുവാൻ അവൾ തീരുമാനിച്ചു. അതിനായി തന്റെ പ്രിയപ്പെട്ടവനെ തന്നെ അവൾ നിയോഗിച്ചു.

## അമ്മ

*കാണപ്പെടുന്ന ദൈവമാണെന്ന് അമ്മ*

*മനസ്സിലെ സ്നേഹദീപം ആണെന്ന് അമ്മ*

*ഞാൻ പോകും ജീവിതപാതയിൽ*

*താങ്ങും തണലും മാണെന്ന് അമ്മ*

*മനസ്സിൽ ഞാൻ പ്രതിഷ്ഠിച്ച*

*ദൈവമാണെന്ന് അമ്മ*

*എന്നും എന്നെന്നുള്ളിൽ*

*അണയാതെ ദീപം ആണെന്ന് അമ്മ*

*തെറ്റുകൾ ചെയ്യുമ്പോൾ തല്ല് തന്ന്*

*തലോടലായ് തീർന്ന താണെന്നമ്മ*

*കാണപ്പെടുന്ന ദൈവമാണെന്ന് അമ്മ*

*മനസ്സിലെ സ്നേഹദീപം ആണെന്ന് അമ്മ*

.......................................................

## കുറവുകൾ മറച്ചുവെക്കേണ്ട

ബലഹീനത അസ്വാഭാവികതയില്ല., പരിപൂർണ്ണത അസംഭവ്യവുമല്ല .

എല്ലാവർക്കും ദൗർബല്യം ഉണ്ടാകും- ജന്മം കൊണ്ടു കർമ്മം കൊണ്ടു.

തിരുത്താവുന്നതും തിരുത്താനാവാത്തതും ആ കൂട്ടത്തിൽ ഉണ്ടാകും. സ്വന്തം ന്യൂനതകളെ തിരിച്ചറിയാനും അംഗീകരിക്കാനും തിരുത്തലുകൾ വരുത്താനും തയ്യാറാകുന്ന വരാണ് സ്വയം ചർച്ചയ്ക്കു വഴിയൊരുക്കുന്നവർ .

ബലഹീനരെ ആളുകൾ ബഹുമാനിക്കും. അവർ സ്വന്തം ബലഹീനതകളെ നിഷേധിക്കാത്ത വരും ബലഹീനതയ്ക്കു അപ്പുറം വളരുന്ന വരും ആണെങ്കിൽ.

കുറവുകൾ ഇല്ലാത്ത മനുഷ്യരില്ല. അവയോടു ക്രിയാത്മകമായി പ്രതികരിക്കാൻ സാധിക്കാത്തവർ ആണ് തകർന്നു പോയിട്ടുള്ളത്.

അധികാരികൾക്ക് അബദ്ധം സംഭവിച്ചുകൂടാ എന്ന തെറ്റിദ്ധാരണയാണ്

അവരെ പുറമേ അഹംഭാവികളും അകമേ വിഢികളും ആണ്. തെറ്റുപറ്റാത്ത നേതാക്കളെക്കാൾ പറ്റിയത് തുറന്നു സമ്മതിക്കുന്ന നേതാക്കൾ ഉള്ളിടത്ത് പരസ്പര വിശ്വാസവും ബഹുമാനവും സ്വാഭാവികമായും ഉടലെടുക്കും ...

## പാൽ കുടിക്കാത്ത പൂച്ച

രാജ്യത്ത് എലികളുടെ ശല്യം ഏറി വന്നു. അവ മനുഷ്യരുടെ കൃഷികൾ എല്ലാം നശിപ്പിക്കാൻ തുടങ്ങി എലികളുടെ ശല്യം കൊണ്ട് പ്രജകൾ വീർപ്പുമുട്ടി ചക്രവർത്തി ആകെ വിഷമത്തിലായി

ആ രാജ്യത്ത് പൂച്ചകൾ ആണെങ്കിൽ ഒരെണ്ണം പോലുമില്ല . ഒടുവിൽ ഈ ദുസ്ഥിതിക്ക് ഒരു പരിഹാരം ചക്രവർത്തി കണ്ടെത്തി

അന്യദേശത്തു നിന്നും ആയിരം പൂച്ചകളെ ഇറക്കുമതി ചെയ്യുക. അങ്ങനെ ശൗര്യവും , ശക്തിയുമുള്ള ആയിരം പൂച്ചകളെ വരുത്തി.

ആയിരം പൂച്ചകളെ ഒന്നിച്ച് കൊട്ടാരത്തിൽ താമസിപ്പിക്കാൻ പറ്റുമോ? തന്നെയുമല്ല കൊട്ടാരത്തിൽ മാത്രമല്ലല്ലോ എലിശല്യം . അതിനും രാജാവ് ഒരു വഴി കണ്ടെത്തി. ഓരോ വീട്ടിലും

ഓരോ പൂച്ചയെ നോക്കണം . ചക്രവർത്തി കല്പിച്ചു . പൂച്ചയ്ക്ക് പാൽ കൊടുക്കാതെ പറ്റില്ലല്ലോ

. ഓരോ വീട്ടുടമസ്ഥനും ഓരോ പശുവിനെയും കൊടുത്തു. പശുവിൻറെ ചെലവ് കൊട്ടാരത്തിൽ നിന്നും വഹിച്ചു. അങ്ങനെ നഗരത്തിൽ എലികളുടെ ശല്യം കുറഞ്ഞു തുടങ്ങി .............

## <u>അപ്പുണ്ണിയുടെ ജീവിതം, എന്റെയും</u>

*'വളരും. വളർന്ന് വലിയ ആളാവും. കൈകൾക്ക് നല്ല കരുത്തുണ്ടാവും അന്ന് ആരേയും ഭയപ്പെടേണ്ടതില്ല.*

*തലയുയർത്തിപ്പിടിച്ചു കൊണ്ടു നില്ക്കാം. ആരെടാ എന്നു ചോദിച്ചാൽ പതുങ്ങാതെ ഉറച്ച സ്വരത്തിൽ പറയാം.*

ഞാനാണ, കോന്തുണ്ണി നായരുടെ മകൻ അപ്പുണ്ണി. എം.ടിയുടെ നാലുകെട്ടിലെ ആദ്യ വരികളാണിത്.എന്റെ ജീവിതത്തെയും മുന്നോട്ട് നയിച്ച വരികൾ.
എട്ടാം തരത്തിൽ പഠിക്കുമ്പോഴാണ ഞാൻ എം.ടിയുടെ നാലുകെട്ട് വായിക്കുന്നത്.
'പട്ടാളം, എന്ന്
ഇരട്ടപ്പേരിൽ വിളിക്കുന്ന സബാസ്റ്റ്യൻ സാർ ആയിരുന്നു ഞങ്ങളുടെ മലയാളം മാഷ്

## അഹങ്കാരത്തിനു മരുന്നില്ല

ആകാശത്തെയളന്നീടാൻ

കാക്കച്ചിയമ്മയ്ക്കൊരു മോഹം

കുയിലമ്മച്ചിയോടിക്കാര്യം

കാക്കച്ചിയമ്മ ചൊന്നപ്പോൾ

കുയിലമ്മയ്ക്ക രസമായി

കാക്കച്ചിയമ്മയ്ക്കെന്തൊരു മോഹം

നടക്കാനാകാ സുന്ദരമോഹം

കാക്കച്ചിയമ്മതു കേട്ടപ്പോൾ

അക്ഷണംവന്നുഅഹങ്കാരം

പന്തയംവെച്ചു കാക്കച്ചി

പിന്നെ അമാന്തിച്ചില്ലിവരും

പരുന്തമ്മച്ചിയോടിക്കാര്യം

ഇത്തിരിഗർവോടോതീട്ട്

പരുന്തമ്മച്ചിവിസില് വിളിച്ചി

ട്ടാരംഭിച്ചു പന്തയമപ്പോൾ

കാക്കച്ചിയമ്മേം കുയിലമ്മേം

*പാറിപ്പാറി ഉയരത്തിൽ*

*ചിറകുകരിഞ്ഞു രണ്ടാളും*

*താഴെവന്നു പതിച്ചപ്പോൾ*

*പരുന്തമ്മച്ചി പൊട്ടിച്ചിരിയായ്*

*അഹങ്കാരത്തിന് മരിന്നില്ല*

*നാണിച്ചയ്യോ തലതാഴ്ത്തി.*

## <u>ആർദ്രം</u>

**ഒന്നു കാണാതിരുന്നപ്പോൾ ഞാനറിഞ്ഞു**
**നിൻസാമിപ്യമെത്രയോ സുഖമാണെന്ന്**
**ഒന്നും പറയാതിരുന്നപ്പോൾ ഞാനറിഞ്ഞു**
**നിൻമൗനം എത്രയോ വാചാലമെന്ന്**
**നീ കരയാതിരുന്നപ്പോൻ ഞാനറിഞ്ഞു**
**നിൻ ദുഃഖത്തിനെത്രയോ ആഴമെന്ന്**
**കണ്ണു നനയാതിരുന്നപ്പോൾ ഞാനറിഞ്ഞു**
**നിന്റെ ക്ഷമയോ ധരയേക്കാളധികമെന്ന്**
**ഒന്നുമോർക്കാതിരുന്നപ്പോൾ ഞാനറിഞ്ഞു**
**നിന്റെ സ്നേഹത്തിനെത്രയോ ചൂടുണ്ടെന്ന്**
**കളിപറയാതിരുന്നപ്പോൾ ഞാനറിഞ്ഞു**
**നിന്റെ മാനസം ശോകാർദ്മാണെന്നത്**
**നിന്റെ പ്രതീക്ഷകൾ പൂവണിയാൻ**
**നിൻ മാനസം സ്നേഹാർദ്രമായിട്ടുവാൻ**
**നിൻ ആർദ്ര നയനങ്ങൾ തോർന്നിരിക്കാൻ**
**നിൻ മുഖപത്മം വീണ്ടും വിടർന്നിരിക്കാൻ**
**നിൻ ചിന്തയിൽ സ്വപ്നം നിറഞ്ഞുപൂക്കാൻ**
**നിന്നകതാരാൽ തിങ്ങും സുഗന്ധമാകാൻ**
**നിന്നിലെ  മൗന ദുഃഖങ്ങളെല്ലാം**
**ഒന്നൊഴിയാതെയകന്നീടുവാൻ**
**ഉള്ളം കൊതിപ്പൂ നേരുന്നുനിനക്കായ്**
**നൂറു നൂറാശംസാ പൂക്കൾ തോഴീ.**

## സ്നേഹസ്പർശം

*ആത്മാവിലെന്നും അണയാതെ നില്ക്കുന്ന*
*ആത്മപ്രപഞ്ചത്തൻ തൂവൽ വെളിച്ചം*
*ആരും തിരിച്ചറിഞ്ഞില്ലെന്നു വന്നാലുമാരോടുമില്ല*
*പരിഭവം തെല്ലും.*
*കാലത്തിൻ ചിറകടിയൊച്ച ഞാൻ കേട്ടു*
*കാത്തിരുന്നു ജന്മസാഫല്യം നിന്നെ*
*മാനസം വിങ്ങുന്നു ചേതനയുണരുന്നു*
*വാരിപുണരാൻ ഹൃദയം തുടിക്കുന്നു*
*മാരീചനെ പോലെയണയുന്ന മോഹങ്ങൾ*
*മാറ്റിനിർത്താനെനിക്കാവില്ലയെന്നും.*
*പിരിയുന്നു ഇടവരികൾ എന്നും നമുക്കിന്നു –*
*മന്നമായ് തീർന്നെന്നോ ഇത്ര വേഗം.*
*ഓർക്കതെയെന്നിൽ കടന്നുവന്നു ചൈത്ര*
*സന്ധ്യയെപ്പോൽ നിന്റെ സുന്ദരരൂപം*
*ചിന്തിച്ചതില്ല ഞാനൊന്നുമേ എന്നിലെ*
*മൂക വിഷാദങ്ങളിളകുന്ന സത്വം.*
*ഒറ്റയ്ക്ക ഞാനെന്റെ മച്ചക വാതിലിൽ*
*പടിമേലിരുന്നൊന്നു വെറുതേ നോക്കുബോൾ*
*കരിവണ്ടിൻ കൂട്ടം പോൽ പായുന്നു വാനിതിൽ*
*കാർമേഘക്കൂട്ടങ്ങൾ എന്തിനോ പോലെ,*
*മെല്ലെയണയുന്നു മാരുതൻ എൻചാരെ*
*പകരുന്നു നറമണം നിറയുന്നു ഗന്ധം*

*തളരാതെ പെയ്യുന്ന മഴയിലീ വേനലിൻ*
*പാപം കഴുകിക്കളയുന്ന ഭൂമി*
*മഴയാണെനിക്കിഷ്ടം ഏറെയിഷ്ടം ഇന്നെൻ*
*മനസ്സിലും പെയ്തെന്നിൻ മഴയായ് നിറഞ്ഞു നീ*
*കരളിൽ നിറയുന്ന തേങ്ങലിൻ തുടിയുമായ്*
*മിഴിനീരു പെയ്തെന്നിൽ തോർന്നിട്ടുമ്പോൾ*
*മഴയിൽ നനഞ്ഞു കുതിർന്നിരുന്നെന്റെയീ–*
*ചപലമാം മോഹങ്ങൾ മെല്ലെ മെല്ലെ.*
*ഏന്നിട്ടുമെന്തേയണയാത്തെ നീയെന്റെ*
*ചാരെ വസനതമായ് നറുമണമായ്*
*കാത്തുഞാൻ സൂക്ഷിച്ച ഓർമ്മകൾക്കിടയിലും*
*കാണുന്നു ഞാൻ നിന്റെ സ്നേഹഭാവം.*
*ചേലൊത്ത പീലി വിടർത്തിപിടിച്ച നീ*
*ആടാത്തതെന്തെയെൻ പൊൻമേഘമേ–*
*കരളിൽ വസന്തമായ്, സ്നേഹത്തിൻ സ്പർശമായ്*
*തഴുകു മനസ്സിന്റെ സാന്ത്വനമായ്.*

## സൂര്യൻ

സൂര്യനായ് വന്നു ജ്വലിച്ച നീയെന്നെ
നിൻ സൂര്യ കിരണത്താൽ തഴുകി
ആ ചൂടിൽ ഞാനുരുകി
എന്റെ ചിറകുകൾ കരിഞ്ഞു
മേനിയോ തളർന്നു, എങ്കിലും
എന്റെ സൂര്യാ..........നിനക്കു പ്രണാമം!
അന്തിയിൽ ചെന്തീ പറക്കുന്ന സൂര്യനെ
കണ്ണെടുക്കാതെ ഞാൻ നോക്കി
അവനെന്റെ കരം മെല്ലെ തഴുകി
കണ്ണുകൾ അമ്പുകൾ പോലെന്നിൽ തറച്ചു
എന്റെ ഹൃദയം തുളച്ചു കടന്നു
എന്നിട്ടും ഒരു മഞ്ഞുതുള്ളിയായ്
ഹൃദയത്തെ അതു തണുപ്പിച്ചു

**കൈകളാലെന്നെ വാരിപ്പുണർന്നു**
**ഞാനലിഞ്ഞില്ലാതെയായി**
**എന്റെ ചിറകുകൾ കരിഞ്ഞു**
**മനവും കരിഞ്ഞു**
**ഞാനൊരു പുകയായി**
**സൂര്യാ..........നിന്നിൽ ലയിച്ചു.**

## നാടൻ പാട്ട്

സൂര്യനുദിച്ചു കണ്ടേ താരിക്കാം താരോ

നേരം പുലർന്നു പോയേ താരിക്കാം താരോ

ഒരു പിടി ഞാറെടുത്തേ താരിക്കാം താരോ

നട്ടിട്ടും തീരുന്നില്ലേ താരിക്കാം താരോ

നേരം പുലർന്നു പോയേ താരിക്കാം താരോം

മേനിതളർന്നു പോയേ താരിക്കാം താരോ

മാനം തളർന്നു പോയേ താരിക്കാം താരോ

മാരി ചൊരിഞ്ഞു നിന്നേ തകതാരിതിനന്തോം

## *കുറവുകൾ മറച്ചുവയ്ക്കേണ്ട*

**ബലഹീനത അസ്വാഭാവികതയല്ല; പരിപൂർണത അസംഭവ്യവുമല്ല. എല്ലാവർക്കും ദൗർബല്യങ്ങളുണ്ടാകും – ജന്മംകൊണ്ടും കർമം കൊണ്ടും.**
**തിരുത്താവുന്നതും തിരുത്താനാവാത്തതും അക്കൂട്ടത്തിൽ ഉണ്ടാകും. സ്വന്തം ന്യൂനതകളെ തിരിച്ചറിയാനും അംഗീകരിക്കാനും തിരുത്തൽ വരുത്താനും തയാറാകുന്നവരാണ് സ്വയം വളർച്ചയ്ക്കു വഴിയൊരുക്കുന്ന–**
**വർ. ബലഹീനരെ ആളുകൾ ബഹുമാനിക്കും, അവർ സ്വന്തം**

ബലഹീനതയ്ക്കപ്പുറം വളരുന്നവരുമാണെങ്കിൽ. കുറവുകളില്ലാത്ത മനുഷ്യരില്ല. അവയോടുക്രിയാത്മകമായി പ്രതിസാധിക്കാത്തവരാണു തകർന്നു പോയിട്ടുള്ളത്. അധികാരികൾക്ക് അബദ്ധം സംഭവിച്ചു കൂടാ എന്ന തെറ്റിദ്ധാരണയാണ് അകമേ ഭീരുക്കളുമാക്കുന്നത്. തെറ്റു പറ്റാത്ത നേതാക്കളെക്കാൾ പറ്റിയ തെറ്റ് തുറന്നു സമ്മതിക്കുന്ന നേതാക്കളുള്ളിടത്ത പരസ്പരവിശ്വാസവും ബഹുമാനവും സ്വാഭാവികമായും ഉടലെടുക്കും. തങ്ങളുടെ അധികാരികൾക്കു തെറ്റു പറ്റരുതെന്നു ശാഠ്യം
പിടിക്കുന്ന അണികളും അനുയായികളുടെ മുന്നിൽ ദൗർബല്യങ്ങൾ സമ്മതിക്കുന്നത് അപമാനമാണെന്നു വിശ്വസിക്കുന്ന അധികാരികളും അപകടം വരുത്തിവയ്ക്കും.

## പുരോഗമി

ഒരിക്കൽ ഒരു മനുഷ്യൻ തൻറെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു സൗന്ദര്യ വസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്യിരുന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു അയാൾ ആ ആ പ്രതിമയെ അവിടെ കണ്ടത് വലിയ വലിയ തുകയ്ക്ക് സൗന്ദര്യ ആസ്വാദകന് വിറ്റു

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങൾ ആണ് നൽകുന്നത് എല്ലാവരാലും അവഗണിക്കപ്പെട് ആയിരത്തോളം വർഷങ്ങളായി മണ്ണിൽ പുതഞ്ഞു കിടന്നിരുന്ന

ഒരിക്കൽ ഒരു മനുഷ്യൻ തൻറെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു സൗന്ദര്യ വസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്യിരുന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു അയാൾ ആ ആ പ്രതിമയെ അവിടെ കണ്ടത് വലിയ വലിയ തുകയ്ക്ക് സൗന്ദര്യ ആസ്വാദകന് വിറ്റു

**പണവുമായി വീട്ടിലേക്ക മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി ഈ പണം എന്തുമാത്രം ജീവിത സൗകര്യങ്ങൾ ആണ് നൽകുന്നത് എല്ലാവരാലും അവഗണിക്കപ്പെട്ട ആയിരത്തോളം വർഷങ്ങളായി**

**മണ്ണിനുള്ളി പുതഞ്ഞു കിടന്നിരുന്ന ഒരു മുതശിലാഖണ്ഡത്തി നു പകരമായി ഇത്രമാത്രം പണം നൽകി വിഡ്ഢി ലക്കി വാങ്ങാനും തൻറെ കയ്യിൽ എത്തിച്ചേർന്ന പ്രതിമ യിലേക്ക് നോക്കി സൗന്ദര്യ ആസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു :**

**എന്തൊരു സൗന്ദര്യം! എന്തൊരു ജീവിത പ്രകാശം! 1000 വർഷങ്ങളുടെ നിർമ്മല മധുരമായ നിദ്രയ്ക്ക് ശേഷം എൻറെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിൻറെ സ്വപ്നമാണ് മുതവും സ്വപ്ന രഹിതവു മായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കും തോന്നും ?**

## *ഉറക്കം*

*സ്വസ്ഥമായൊന്നുറങ്ങണം*
*ആരും തൊട്ടു വിളിക്കരുത്*
*തട്ടിയുരുട്ടി ഉറക്കം കെടുത്തരുത്*
*അടുത്ത് വന്ന് വിളിച്ചും*
*ബഹളം വച്ചും*
*സ്വാസ്ഥ്യം കെടുത്തരുത്*
*ഉറക്കത്തിനും ഉണർവ്വിനുമിടയിൽ*
*ഞാൻ കടന്നു പോകുന്ന*
*ദുർഘടമായ മലയിടുക്കുകളും*
*ഗുഹാമുഖങ്ങളും*
*എന്റേതു മാത്രമാണ്.*
*ആ വഴികളിലൂടെ*
*കണ്ണുകെട്ടിത്തിരിച്ചു വിട്ടാലും*

പകൽ വെളിച്ചത്തിലെന്ന പോലെ

എനിക്കറിയാം

ഇടയ്ക്കാരോ താഴേക്കിട്ടും പോലെ

നടുക്കത്തോടെ

ഞാൻ കൺ തുറക്കും

അതെന്റെ ഉണർവ്വല്ല
ഇനിയും കാണാത്ത
വഴികളിലേക്കുള്ള യാത്രയാണത്
പത്തി വിരിച്ച പാമ്പുകൾ
എന്നെ മാണിക്യക്കല്ലുകാട്ടിക്കൊതിപ്പിക്കും
കാർക്കിച്ച് തുപ്പിയിട്ടും
കല്ലായിപ്പോയ നിധിയാണത്
ദൂരത്തിരുന്ന്
ആരോ പറയുന്ന കഥകളുടെ
കാറ്റേറ്റിട്ടാണ്

ഞാനുറങ്ങുന്നത്
നീരുവറ്റിയൊരൊറ്റ മരം
പുറത്ത് തട്ടി താളം പിടിക്കുന്നുണ്ട്
മച്ചിൽ നിന്ന് ഊർന്ന് വീണ
താരാട്ടിനൊപ്പം

ഞാനെന്റെ
തൊട്ടിക്കോലൊന്നെടുത്ത് വയ്ക്കട്ടെ
കിലുക്കട്ടം കെട്ടി

ഇനിയതാരാണാവോ ഒന്നാട്ടിത്തരിക?

# വാതി വരമ്പചിത്രം

*പ്രഭാതംപൂമൊട്ടുകളെ ചുംബിച്ച പതുങ്ങി പതുങ്ങി വന്നു ഒറ്റക്കണ്ണനായ*

*അർക്കൻ കണ്ണുതുറന്നു മാരുതന്റെ ഇളംകാറ്റ് സസ്യലതാദികളെ*

*ഇക്കിളിപ്പെടുത്തി*

*നാണംകുണുങ്ങി ചെടികൾ ഭൂമിയുടെ മാറിടമായ വയലുകൾക്ക്*

*അർക്കൻ തന്റെ നിറം*

*ചൊരിഞ്ഞു ആ പൊൻശോഭയിൽ വെട്ടിത്തിളങ്ങിയപ്പോൾ*

*വയലുകൾക്ക് എന്തൊരു*

*ഓജസ്സാണ് ഈ വയലിന്റെ വരമ്പത്തുനിന്ന് കേറി ഒരു ചെറിയ*

*അരികിലാണ് വയലിനെക്കാൾ*

*അർക്കനെക്കാൾ ചൈതന്യമുള്ള ബഷീറിന്റെ വീട് അപ്പുറത്ത്*

*രാമൻനായരുടെയും ചാപ്പുണ്ണിയുടെയും*

*വീടാണ് ഈ ത്രിമൂർത്തികളുടെ പേര് ഒരു കാലത്ത്*

*വെട്ടിത്തിളങ്ങിയിരുന്ന എന്നാൽ പാതിവരച്ചിട്ട*

*ചിത്രം പോലെ ഇവരുടെ ജീവിതവും ജീവനും കാലന്റെ ബലിഷ്ഠമായ*

*കൈകളിൽ ഒതുങ്ങിക്കൂടി.*

## കണ്ണുകൾ

സ്കൂൾ വിട്ടു.കുട്ടികളുടെ തിരക്കൊഴിയാത്ത പാത.ബസ് സ്റ്റോപ്പിൽ അവൾ

കയറി നിന്നു.പതിവു

ബസ് ഇന്നില്ലായെന്ന് ആരോ പറയുന്നതു കേട്ടു.

ഓ....ഇനി അഞ്ചരയ്ക്ക് ഉള്ളൂ .... തെല്ല പരിഭവത്തോടെ അവൾ

കൂട്ടുകാരിയോടു പറഞ്ഞു.

ആ പറച്ചിൽ ഒരല്പം സന്തോഷവുമുണ്ടായിരുന്നു.

വേഗം വീട്ടിലെത്തിയാൽ പഠിപ്പ്,അമ്മയുടെ വഴക്ക്....

തൽക്കാലത്തേക്കെങ്കിലും രക്ഷപ്പെടാമല്ലോ.

വാഹനങ്ങളുടെ നിർത്താത്ത പോക്കുവരവിനിടയിൽ...

കുട്ടികളുടെ തിരക്കിനിടയിൽ... വെണ്ട കിലോ നാൽപത്.. നാൽപത്'...


തൊട്ടപ്പുറത്തെ ചന്തയിൽനിന്നുള്ള വിളികൾക്കിടയിൽ...പെട്ടെന്ന രണ്ടു വെള്ളാരം കണ്ണുകൾ അവളിലേക്കു പതിച്ചു.


ചീകിയൊതുക്കാത്ത മുടിയിഴകൾ...ജീൻസ്...

## എന്റെ കേരളം

കേരളം എന്റെ കേരളം
എന്തൊരു സുന്ദരമാം
എൻ കൊച്ചു കേരളം
കേൾവികേട്ട കേരളം
നന്മയാർന്നകേരളം
കേളി കല തൊഴുതുണരും
മലയാളികളുടെ പ്രിയ നാടേ
കേരം തിങ്ങും നമ്മുടെ നാട്
കേരളം എൻ പ്രിയ നാട്
കേരളം എൻറെ കേരളം
നന്മയാർന്ന കേരളം
കേളി കല തൊഴുതുണരും കേരളം


HAPPY ONAM


HAPPY ONAM





പ്രശസ്ത ചലച്ചിത്രനിരൂപകൻ ശ്രീ.ഐ.ഷണ്മുഖദാസ് 'ഹരിതമോഹനം' ഹ്രസ്വചിത്രം സ്വിച്ച് ഓൺ ചെയ്യുന്നു.


ഹരിതമോഹനം

# അണിയറശിൽപ്പികൾ



## TECHGYAN


Then how the little kite thrilled with pride,


THANKS...


little
KITEs